**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2939** **24-02-2026 - ൽ മറുപടിയ്ക്ക്**

**കയ്യൂർ രക്തസാക്ഷി സ്മാരക നിർമാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ കയ്യൂരിൽ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ഉജ്ജ്വല അധ്യായം കുറിച്ച കയ്യൂർ രക്തസാക്ഷികൾക്കായി ആരംഭിച്ച കയ്യൂർ സ്മാരക പ്രവൃത്തി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (എ) | കയ്യൂർ രക്തസാക്ഷി സ്മാരക മന്ദിര പുനരുദ്ധാരണത്തിന് 2022-23 വർഷത്തെ മരാമത്ത് പണികളിൽ ഉൾപ്പെടുത്തി 5 കോടി രൂപ അടങ്കൽ നിശ്ചയിച്ച് ഒരു കോടി രൂപ വകയിരുത്തിയ ടി പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി പ്രവൃത്തിക്കായി വകുപ്പിലെ 4202-04-800-79-03 (പ്ലാൻ) എന്ന ശീർഷകത്തിൽ അധികമായി വകയിരുത്തിയ 5 കോടി രൂപ പൊതുമരാമത്ത് വകുപ്പ് കാസർഗോഡ് കെട്ടിടവിഭാഗത്തിന്റെ 8443-00-108-PWD Deposit (ഡി ഡി ഓ കോഡ് 200159B001) എന്ന ശീർഷകത്തിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയിരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | കയ്യൂർ രക്തസാക്ഷി സ്മാരക പ്രവൃത്തിയുടെ സാങ്കേതിക അനുമതിക്കായുള്ള എസ്റ്റിമേറ്റ് സൂക്ഷ്മപരിശോധനയിലാണ്. ആയത് അംഗീകരിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ